**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **27-07-2021 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സ്ഥാപിക്കുമ്പോൾ സർക്കാർ വകുപ്പുകൾ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (എ) | നിരത്തുകളിലെ പരമാവധി വേഗത നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, റോഡുകളിലെ അപകട സാധ്യത, തിരക്ക്, ശോച്യാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ വേഗപരിധി അത്തരം സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെടാറുണ്ട്. വേഗത നിയന്ത്രണമുള്ള റോഡുകളിൽ നിയന്ത്രിത സ്പീഡ് കാണിക്കുന്ന ബോർഡുകൾ പൊതുമരാമത്ത് വകുപ്പ് സ്ഥാപിക്കാറുണ്ട്. എല്ലാ ആർ.ടി.ഒ.-മാർക്കും പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ വേഗ നിയന്ത്രണ/പരിധി ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റോഡുകളിൽ നിശ്ചിത വേഗത മറികടന്ന് യാത്ര ചെയ്യുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുമ്പോൾ വേഗത കൂടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുകയെന്ന വ്യവസ്ഥ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | വേഗപരിധി ലംഘനത്തിന് ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 1,500/- രൂപയും മീഡിയം, ഹെവി വാഹനങ്ങൾക്ക് 3,000/- രൂപയും ആണ് നിലവിൽ പിഴ ഈടാക്കുന്നത്. വേഗത കൂടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ